# പതിനാലാം കേരള നിയമസഭ
# (ഇരുപത്തിരണ്ടാം സമ്മേളനം)

18.01.2021-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1442

## കേരള സംസ്ഥാന തീരവികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ.

| ചോദ്യം<br>ശ്രീ . എം . വിൻസെന്റ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രവികസനത്തിനായി രൂപീകരിച്ച കേരള സംസ്ഥാന തീരവികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് തൃപ്തികരമാണോ;<br>ബി) ഈ കോർപ്പറേഷൻ ഏതൊക്കെ മേഖലയിലാണ് അതിന്റെ പ്രവർത്തനം കാഴ്ചവെയ്ക്കുന്നതെന്ന് അറിയിക്കാമോ; | എ) & ബി) ഉണ്ട്. കേരള സംസ്ഥാനത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര പുരോഗതിയും സുസ്ഥിരമായ വികസനവും ലക്ഷ്യമിട്ടു കൊണ്ട് 1956-ലെ കമ്പനി നിയമം അനുസരിച്ച് 2009 ലാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് രൂപം കൊണ്ടത്. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന് പുറമെ കേന്ദ്രസർക്കാർ, എൻ.എഫ്.ഡി.ബി, നബാർഡ്, വാണിജ്യ ബാങ്കുകൾ തുടങ്ങി മറ്റ് ദേശീയ ധനസഹായ സ്ഥാപനങ്ങൾ വഴിയുള്ള സാമ്പത്തിക സ്രോതസ്സുകളിൽ നിന്നും ഫണ്ട് സ്വരൂപിച്ച് നിരവധി പദ്ധതികൾ ഇന്ന് കോർപ്പറേഷൻ കേരളമൊട്ടാകെ നടപ്പിലാക്കിവരുന്നു. കേരള സംസ്ഥാനത്തിൻറെ 222 കടലോര ഗ്രാമങ്ങളും 113 കായലോര ഗ്രാമങ്ങളും മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കുകയെന്ന ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ട് സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. തീരദേശ മേഖലയിലെ മത്സ്യബന്ധന അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, ആരോഗ്യ വിദ്യാഭ്യാസ അടിസ്ഥാന ഭൗതിക സൗകര്യ വികസന പദ്ധതികൾ, ഭവന നിർമ്മാണ പദ്ധതികൾ, മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം, ഫിഷറീസ് ഫാമുകളുടെയും, ഹാച്ചറികളുടെയും പുനരുദ്ധാരണം, കൃത്രിമ പാര സ്ഥാപിക്കൽ എന്നിവയാണ് തീരദേശ കോർപ്പറേഷൻ പ്രധാനമായും ഏറ്റെടുത്ത നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ. ഇതിനു പുറമെ ഫിഷറീസ്, ഹാർബർ എഞ്ചിനിയറിംഗ് വകുപ്പുകളുടെ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ |

| | | |
|---|---|---|
| | | വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് സർക്കാർ നിയമിച്ചിരിക്കുന്നത്. തീരസംരക്ഷണ പദ്ധതികൾ, മത്സ്യബന്ധന ഹാർബറുകളുടെ നിർമ്മാണം, വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, മത്സ്യമാർക്കറ്റുകളുടെ ആധുനിക വൽക്കരണം എന്നിവയാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ.ഇവയ്ക്ക് പുറമെ തീരദേശ വികസന കോർപ്പറേഷൻ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിതരണവും നടപ്പിലാക്കി വരുന്നു. തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്ന എല്ലാ പദ്ധതികളും കാലികമായി വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമതയും ഏകോപനവും ഉറപ്പാക്കുകയും ചെയ്യാറുണ്ട്. പദ്ധതി നിർവ്വഹണം തൃപ്തികരമാണെന്നും വിലയിരുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത കോർപ്പറേഷൻ 2019-20 ൽ എത്ര തുകയ്ക്കുള്ള പ്രവൃത്തികൾ ഏറ്റെടുത്തു; അതിൽ എത്ര പ്രവൃത്തികൾ ഇതിനകം പൂർത്തിയായെന്ന് വെളിപ്പെടുത്താമോ; | സി) 2019-20-ൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭ്യമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) | പ്രസ്തുത കോർപ്പറേഷന് ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ധനസഹായം ലഭിക്കുന്നത്; ഓരോ സ്ഥാപനത്തിൽ നിന്നും 2019-20 ൽ എന്ത് തുക ലഭിച്ചുവെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | ഡി) തീരദേശ വികസന കോർപ്പറേഷന് ഒരു സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭ്യമായിട്ടില്ല |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

| ക്രമ നം | പദ്ധതി | അടങ്കൽ തുക ലക്ഷത്തിൽ | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ, കൊറ്റങ്കര പുതിയ കെട്ടിട നിർമ്മാണം | 209.00 | പദ്ധതി പുരോഗമിക്കുന്നു |
| 2 | പെരിനാട് ആയുർവ്വേദ ഹോസ്പിറ്റൽ പുതിയ കെട്ടിട നിർമ്മാണം | 198.00 | പദ്ധതി പുരോഗമിക്കുന്നു |
| 3 | ശക്തികുളങ്ങര മത്സ്യസംസ്ക്കരണ യൂണിറ്റ് വികസന പ്രവർത്തനം | 207.00 | പദ്ധതി പുരോഗമിക്കുന്നു |
| 4 | ജി.ആർ.എഫ്.ടി.എച്ച്.എസ്. അർത്തുങ്കൽ, മെയിന്റനൻസ് വർക്ക് | 3.30 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ടി.ആർ.എഫ്.ടി.എച്ച്.എസ്, ചാവക്കാട് മെയിന്റനൻസ് വർക്ക് | 3.45 | പദ്ധതി പൂർത്തീകരിച്ചു |
| 6 | പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നി വിടങ്ങളിൽ കൃത്രിമപാര് സ്ഥാപിക്കൽ | 200.00 | പദ്ധതി പുരോഗമിക്കുന്നു |
| 7 | കൊല്ലംകോട് , പുറത്തൂർ, പൂവാർ, വലി യതുറ എന്നിവിടങ്ങളിൽ കൃത്രിമപാര് സ്ഥാപിക്കൽ | 375.63 | പദ്ധതി പുരോഗമിക്കുന്നു |
| 8 | വിഴിഞ്ഞം മത്സ്യസംസ്ക്കരണ യൂണിറ്റ് നിർമ്മാണം | 400..00 | പദ്ധതി പുരോഗമിക്കുന്നു |
| 9 | ആധുനിക രീതിയിലുള്ള മത്സ്യ മാർക്കറ്റ് നിർമ്മാണം, കണ്ണനല്ലൂർ | 502.00 | പദ്ധതി ആരംഭിക്കേണ്ടതുണ്ട്. |

Schithe

**സെക്ഷൻ ആഫീസർ**